വാട്ടർലോഗ്ഡ് പഞ്ചായത്തുകൾക്കു വേണ്ടിയുള്ള പദ്ധതി

860 [1065] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർലോഗ്ഡ് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതി അനുസരിച്ച് ഈ വർഷം നടപ്പിലാക്കുന്ന പണികളുടെ പ്രോജക്ടറ് തയ്യാറാക്കിയോ ;

(ബി) പ്രസ്തുത പദ്ധതിക്കു കേന്ദ്രാനുമതി ലഭിച്ചുവോ ;

(സി) എന്നു മുതൽ നടപ്പിലാക്കുവാൻ കഴിയുമെന്നാണ് ഗവൺമെൻറ് കരുതുന്നത് ?

ഉത്തരം

(എ) തയ്യാറാക്കി.

(ബി) തയ്യാറാക്കിയ പദ്ധതി കേന്ദ്രഗവൺമെൻറിൻെറ അംഗീകാരത്തിനായി അച്ചടിച്ചുവരുന്നു.

(സി) ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കി തുടങ്ങാൻ കഴിയും.

കരകുളം പഞ്ചായത്തിൽ യുവചേതനാ ആർട്ട്സ് ആൻറ് സ്പോർട്ട്സ് സെൻററിനുവേണ്ടി പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടം

861. [1066] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് ബ്ലോക്കിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി കരകുളം പഞ്ചായത്തിലുള്ള യുവചേതന ആർട്ട്സ് ആൻറ് സ്പോർട്ട്സ് സെൻററിനുവേണ്ടി പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടം പ്രസ്തുത സംഘടനക്കു കൈമാറിയിട്ടുണ്ടോ ;

(ബി) ഈ മന്ദിരത്തിൻെറ പണി പൂർത്തിയായിട്ട് എത്ര കാലമായി ;

(സി) ഇനിയെങ്കിലും ഈ മന്ദിരം സംഘടനയ്ക്കു കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൈമാറിയിട്ടില്ല.

(ബി) 10 മാസം.

(സി) വസ്തുവിൻെറ പ്രമാണം സമിതിയുടെ പ്രസിഡൻറിൻെറ പേരിൽ നിന്നും ഗവൺമെൻറിലേക്ക് സറണ്ടർ ചെയ്യുന്നതിന് ആവശ്യപ്പെട്ടിട്ട് നാളിതുവരെ പ്രസിഡൻറിൽനിന്നും ലഭിച്ചിട്ടില്ല. സമിതി നൽകിയ സറണ്ടർ സ്റ്റേറ്റുമെൻറ് ആർ. ഡി. ഓ. ഓഫീസിൽ അയച്ചിട്ടുള്ളതു നാളിതുവരെ നടപടി പൂർത്തിയായി കിട്ടിയിട്ടില്ല. മേൽ നടപടികൾ പൂർത്തിയായാൽ ഉടൻ മന്ദിരം കൈമാറുന്നതാണ്.

ഓടമെട്ട്—ഡൈമുക്ക് റോഡിൻെറ പണി

862. [1068] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എൻ. ആർ. ഇ. പി. യിൽ ലെവൽസെടുത്ത് ഓടമെട്ട്—ഡൈമുക്കു റോഡിൻെറ പണി അടിയന്തിരമായി ആരംഭിക്കുന്നതിന് നിർദ്ദേശിക്കുമോ?

ഉത്തരം

ഇടുക്കി ജില്ലാ പ്രോജക്ടറ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചശേഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly